
സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ്

# ഒരുമ

**Little Kites Digital Magazine 2019-2020**

M.D.C.M.S.H.S
ERUMAPRAMATTOM
ALL FOR ONE
Estd : 1949




# എം ഡി സി എം എസ്

# ഹൈസ്കൂൾ

## ഇരുമാപ്രമറ്റം




ആമുഖം

നമ്മുടെ വിദ്യാലയം ......
മികവിന്റെ വിദ്യാലയം

ഗൃഹാതുരത്വം ഉണർത്തുന്ന പൗരാണിക ഭംഗി തലമുറകളായി നിലനിന്നു വരികയാണ് 70 വർഷം പിന്നിടുന്ന മലയോരങ്ങളുടെ താഴ്വാരത്തിലുള്ള ഈ വിദ്യാപീഠം. പ്രഗത്ഭരെ സമൂഹത്തിനു സമ്മാനിച്ച ഈ വിദ്യാലയം ഈപ്പോൾ മുന്നേറ്റത്തിന്റെ പാതയിൽ കുതിക്കുകയാണ്. ഹൈ - ടെക്ക് ക്ലാസ് റൂമുകൾ,മികച്ച ലാബുകൾ,കലാ കായിക മികവുകൾ, മികച്ച പരിശീലനങ്ങൾ എന്നിവയിലുടെ വേറിട്ട പ്രവർത്തന പദ്ധതിയുമായി തിളങ്ങുകയാണ്. ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കുന്ന മികച്ച, ഉയർന്ന വിദ്യാഭ്യസ യോഗ്യതയുള്ള അദ്ധ്യാപകരുടെ അർപ്പണ മനോഭാവമാണ് ഈ സ്ഥാപനത്തിന്റെ കൈമുതൽ. ജീവിത പ്രയാസങ്ങൾ മൂലം പഠിക്കുവാൻ അവസരങ്ങൾ നഷ്ടമാകുന്ന കുട്ടികളെയും ഈ സ്ഥാപനം കൈ പിടിച്ചുയർത്തുന്നു.. സമൂഹത്തോടുള്ള പ്രതിബന്ധതയാണ് ഇതിനു പിന്നിൽ..

C.S.I East Kerala Diocese

**M.D.C.M.S. HIGH SCHOOL, Erumapramattom** (Code -310701)

Konipad P.O Erumapramattom, Kottayam- 686652,Phone : 04822-219186,

# THE PATH FINDERS




Rev. HENRY BAKER (Junior)
1819-1978



C.S.I East Kerala Diocese
M.D.C.M.S. HIGH SCHOOL, Erumapramattom (Code -310701)
Konipad P.O Erumapramattom, Kottayam- 686652,Phone : 04822-219186,

# സന്ദേശം

നമ്മുടെ സ്കൂളിലെ " ലിറ്റിൽ കൈറ്റ്"- ൽ അംഗങ്ങളായ കുട്ടികൾ ചേർന്ന് ഒരു E-Magazine നിർമ്മിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു.കേരളത്തിലെ സ്കൂൾ കുട്ടികൾ **IT**- ൽ ലോകത്തെ വെല്ലുന്ന നേട്ടങ്ങൾ നേടുമ്പോൾ നമ്മുടെ സകൂളും അതിന്റെ ഭാഗമാവുന്നത് വളരെ സന്തോഷകരമായ കാര്യമാണ്.ഇതിന് മുൻകൈ എടുത്ത അധ്യാപകർ,കുട്ടികൾ എന്നിവരെ അഭിനന്ദിക്കുകയും തുടർന്ന് സമകാലിക വിവരവിനിമയ സാങ്കേതിക വിദ്യാ സംഭരണത്തിൽ

പങ്കു ചേരുവാൻ പ്രചോദനമാവട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

Diocese
Erumapramattom (Code -310701)
Kottayam- 686652,Phone : 04822-219186,



Head Master Sri.Varkey Alex

# Kite Masters





Smt.SUSAN V GEORGE and Smt.REBACCA M.I

# LITTLE KITES 2019-2020



# Our Teachers and Staff



# Our Beginning

C.S.I East Kerala Diocese

M.D.C.M.S. HIGH SCHOOL, Erumapramattom (Code -310701)

Konipad P.O Erumapramattom, Kottayam- 686652,Phone : 04822-219186,



LITTLE KITES OPENING DAY

## Our Well Equiped IT Lab







# ലിറ്റിൽ കൈറ്റ്സ്




അനുനിമിഷം മാറുന്ന വിവരവിനിമയ സാങ്കേതിക വിദ്യയെക്കുറിച്ച് കൂടുതല് അറിയുവാനും സാങ്കേതിക പരിശീലനവും അതിനെക്കുറിച്ച് കുട്ടികളില് അവബോധം വർദ്ധിപ്പിക്കുവാനും വേണ്ടിയാണ് ലിറ്റിൽ കൈറ്റ്സ്.

## Marvellous Travel- Dedicated to Our Dear Sudhamani Teacher



I travel with my eyes
watching those silently cry
Asking themselves the question why

someone left them without saying goodbye
I travel with my thought
I travel with my book of wisdom
To write about children, woman and men;
I travel with my voice
I travel with my hope
That something new, would spring into my horoscope of Calculations

-BIJESH BIJU

# Retirement

Thanks a lot for your Services…….



**Smt.Lissiyamma T.S, Office Assistant..**

# *THE FOX AND THE COCK*

*One day Mr. Fox was walking near a farm.*
*His eyes were searching around for food.*
*Soon his eyes shone .He saw a big cock.*
*“my lunch will be nice ”,he thought. Sitting*
*on a high branch.* Oh handsome cock ! Why are
you sitting there ? Come down !We can have a chat’’,

he invited . “thanks ,friend .I know if l come down
you will gobble me ”,said the wise cock.
*“No , you are mistaken . Haven’t you heard about*
*the agreement made by all animals ?*
*Hereafter no animal will kill another”, said the fox.*
*“Is it so? Then you’re leucky.*
*You needn’t be afraid of that lion running towards oyu.*
*l can see him from here’’ said the cock looking over the*
*fence. “a lion .......running towards me ! Oh, god !how can*
*l save myself ?’’ the fox run for his life.*

*Aneesh Gopalan,Class:9*

# അമ്മ

ആദ്യാക്ഷരത്തിന്റെ അറിവാണെന്റമ്മ
അറിവിന്റെ നിറവിന്റെ അമ്മ
അറിവിന്റെ നിറവിന്റെ നിറകുടമായ്
അമ്മതൻ സ്നേഹത്തിന് ആഴത്തിന് മുന്നിൽ
ആഴക്കടൽപോലും നിദ്രയിലായ്
അമ്മിഞ്ഞപ്പാലിന്റെ രുചിയറിയാത്തവർ
അമ്മതൻ സ്നേഹത്തെ തിരസ്കരിക്കും,



അമ്മതൻ സ്നേഹത്തിൻ സ്പന്ദനമേറ്റവർ
അമ്മതൻ മൂല്യം തിരിച്ചറിയും
അമ്മതൻ  ശാപം ഏൽക്കുന്നവർ പിന്നെ
തീരുന്നു ജന്മ അസുരവിത്തായ്.........

മെർളിൻ അന്ന തോമസ്

# A Harvest of Gold Coins

Once there lived an old man he was a farmer. He worked hard from dawn to dusk . Nobody saw him tired of vegetables and fruits. He also earned enough from there.
The old man had three very heithy sons. But they were not in the habit of doing any work .they used to sit idle under a tree, cracking jokes all the time years passed.the oid man became werk,tired and unhrealthy. He was unable to work any more. He was laid up.the land becamebarren. There was not even a singale crop. Even then the Young men did’t care to work in the field. The food stock was also exhausted. They wewe on the verge of starvation.
One day the old man called him sons to his bed side and said. “my dear sons. l had been toiling for you all these years. Now l cannot work anymore. But you are merely sitting idle. Why can’t you work in the field yourselves? My end is very near. L may die any. What will you do after my death?” the young men did’t answer they were sitting idle beside the bed finally the old manrevealed asecret. He said calmly.
“Look here! I am going
to tell you a secret. Don’t tell this to anybody else.I’m very much tired.
much tirede .I will not live for long. Ithink it is time to reveal
that secret.” the young men were eager to hear the secret. the old man looked around and began to whisper.
“l know that you peageant…

Anish Gopalan

# മനുഷ്യനും പരിസ്ഥിതിയും

"കുരങ്ങനാണോ കുരങ്ങന്റെ വാലിനാണോ നീളക്കുടുതൽ?"
ഒരിക്കൽ ഒരു 'കുസൃതി' എന്നോടൊരു ചോദ്യം ചോദിച്ചു .
"വാലിന്" ഞാൻ ഉടൻ തന്നെ ഉത്തരവും പറഞ്ഞു.അതിനിത്ര ആലോചിക്കാനുണ്ടോ?കുരങ്ങനേക്കാൾ നീളം അതിൻെറ വാലിനാണെന്ന് ആർക്കും അറിയാവുന്നതല്ലേ? ഇങ്ങനെയൊക്കെ ഞാൻ പറയുകയും ചെയ്തു .

എന്നാൽ എൻെറ മറുപടി കേട്ടതും ആ കുസൃതി ചിരിക്കാൻ തുടങ്ങി .അവൻെറ ചിരി കൂടി വന്നപ്പോൾ ഞാൻ നല്ലതായി ചിന്തിക്കാൻ തുടങ്ങി .എൻെറ
ഉത്തരം തെറ്റാണോ എന്ന് എനിക്കു സംശയമായി .ഞാൻ ആലോചിക്കാൻ തുടങ്ങി .കുരങ്ങൻ എന്നാലെന്താണ്.

കുരങ്ങൻ തന്നെ എന്നു പറഞ്ഞാലെന്താണ്? കുരങ്ങൻെറ എല്ലാഭാഗങ്ങളും കുരങ്ങനുൾപെടും . തലയും ഉടലും വാലും . തല മുതൽ വാൽ വരെയുള്ളതെല്ലാം കൂടി കൂടുന്നതാ കുരങ്ങൻ . 'മുഴുവൻ കുരങ്ങ'നാണോ അതിൻെറ വാലിനാണോ നീളക്കൂടുതൽ? സംശയം വേണ്ട. കുരങ്ങനു തന്നെ.

എഴുതിയത്: അഖിൽ കെ രാജൻ

## Interesting Facts

***Plants can catch fire own. Sounds impossible doesn't it? Studies show that this can happen. The dry leaves on plants have water droplets on them.***

***These water droplets act like a magnifying glass on the dry surfaces of leaves. When sunlight falls on a leaf, the rays are directed to a point on the leaf and slowly heart builds up starting to burn the leaf. Imagine this happening to many leaves. It can start a forest fire!***

***This holds good for leaves with tiny wax hairs on them. Both can hold water droplets which can act like a lens. The water slips off leaves which have smooth surfaces!*** ***SreeRam S***




# *UNUSUAL TREES*

The Children were anxious to know about trees in general, with no mythological stories connected with it. They where told even without legends trees were useful. Trees are like a bridge, a link to the past and to the future. They enrich our lives in countless and surprising ways. They not only make life possible but also pleasant. You learnt earlier how useful some trees were. There are many others that are very useful to mankind and scientists have done great discoveries of their value. Trees are green machine, producing substances that humans have learnt to use. You know children that trees help in rainfall and irrigating the land and cooling it. They also help in soil erosion and slow evaporation. They emit water through the pores of the leaves into the sky. Without trees, this earth would have been a total desert. when you and your friends go out for a walk or hike, you should always

keep your senses alert and be observant. One should always be on the look out for something one has not seen before, because nature is the richest gift that God has bestowed on earth.

SreeRam S

## REVERENCE TO TREES-AROUND THE GLOBE

Chutki was bubbling with excitement .She had recieved a telegram from her friends that they were arriving to spend a week holiday with her .She told her parents that she had met them when she visited her aunt and had spent most of her time seeing Botanical garden , museums, temples and other places . She said,"Kanchu is interested in Natur study and arboriculture, "
Vana is intersted in mythology and Gotu in world history and is a real tom-boy. After their arrival, they sat around the fireplace chatting.
Chutki told them the interesting episodes abut 'trees' and tree worship in India.

- AKHIL

## കാറ്റാടിയന്ത്രങ്ങൾ

1970 കളിലെ എണ്ണ ദൗർലഭ്യം മറ്റ് ഊർജ്ജസ്രോതസ്സുകളെക്കുറിച്ചു ചിന്തിക്കാൻ ശാസ്ത്രജ്ഞരെ പ്രേരിപ്പിച്ചു. ഫോസിൽ ഇന്ധനങ്ങളുടെ അമിതമായ ചൂഷണം
കാലാവസഥയിൽ വലിയ മാറ്റങ്ങളുണ്ടാക്കുമെന്നും ഈ ഊർജ ശ്രോതസ്സുകൾ വറ്റിക്കൊണ്ടിരിക്കുകയാണ് എന്നുമുള്ള
തിരിച്ചറിവ് 90-കളിൽ മറ്റു ഊർജ്ജ ശ്രോതസ്സുകളുടെ ഉപയോഗം
ത്വരിതപ്പെടുത്തുവെന്നും,സമൃദ്ധമായ ലഭ്യതയും അന്തരീക്ഷ
മലിനീകരണം ഉണ്ടാക്കുന്നില്ല എന്ന വസ്തുതയും മറ്റ് ഊർജ്ജ ശ്രോതസ്സുകളിൽ നിന്ന് കാറ്റിനെ വ്യത്യസ്തമാക്കി.

C.S.I East Kerala Diocese

M.D.C.M.S. HIGH SCHOOL, Erumapramattom (Code -310701)

Konipad P.O Erumapramattom, Kottayam- 686652,Phone : 04822-219186,

കാറ്റ് അക്ഷയഊർജ്ജ ശ്രോതസ്സാണെന്ന അറിവ് കാറ്റിനെ
മെരുക്കിയെടുക്കാനുള്ള പദ്ധതികൾക്കു തുടക്കമിട്ടു.
കാറ്റാടി യന്ത്രങ്ങളും കാറ്റാടിപ്പാടങ്ങളും സ്ഥാപിച്ചു വൈദ്യുതി
ഉൽപ്പാദിപ്പിക്കാൻ ആരംഭിച്ചുകഴിഞ്ഞു.ഇന്ന് കാറ്റിന്റെ
ഊർജ്ജം വൈവദ്യുതോർജ്ജമാക്കി മാറ്റുന്നതിൽ ശാസ്ത്രം
വിജയിച്ചിരിക്കുന്നു.

എഴുതിയത് : അനീഷ് ഗോപാലൻ

## ലിറ്റിൽ കൈറ്റ്സ്

ഇരുമാപ്രാമറ്റം. എം. ഡി. സി. എം. എസ് ഹൈസ്കൂളിൽ


ലിറ്റിൽ കൈറ്റ്സ് പരിശീലന കേന്ദ്രം ആരംഭിച്ചു.

അനുനിമിഷം മാറുന്ന വിവരവിനിമയ സാങ്കേതിക
വിദ്യയെക്കുറിച്ചു കുടുതൽ അറിയുവാനും, സാങ്കേതിക

പരിശീലനവും, അതിനെക്കുറിച്ച് കുട്ടികളിൽ അവബോധം വർദ്ധിപ്പിക്കുവാനും വേണ്ടിയാണ് ലിറ്റിൽ കൈറ്റ്സ്.

## ഐ.റ്റി.ക്ലബ്ബ്.കോ-ഓർഡിനേറ്റർ

ശ്രീമതി സൂസൻ വി.ജോർജ്ജ് ടീച്ചറിന്റെയും ,റിബേക്ക ടീച്ചറിന്റെയും




നേതൃത്തിൽ കമ്പ്യൂട്ടർ ക്ലാസ്സുകൾ നടത്തുകയും

അതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ കുട്ടികളിലേക്ക് പകർന്നു നൽകുകയും ചെയ്യുന്നു.

NIDHIN *JOSEPH*

# Our Highlights in 2019-2020

മികവിന്റെ 70 വർഷങ്ങൾ

ഞങ്ങളുടെ വിദ്യാലയം

മൈതാനം

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ

സ്കൂൾ ഐ.ടി ലാബ്

സ്കൂൾ ലൈബ്രറി

സയൻസ് ലാബ്

ഞങ്ങളുടെ അദ്ധ്യാപകർ

ദിനാചരണങ്ങൾ

പുതുമയാർന്ന പ്രവർത്തനങ്ങൾ....

**2019 - 2020** വർഷത്തിൽ ഇരുമാപ്രമറ്റം എം ഡി സി എം എസ് ഹൈസ്കൂളിൽ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കുന്നു**.**

1.2019 മാർച്ചിൽ നടന്ന എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായി ഒൻപതാം വർഷവും നമ്മുടെ സ്കൂൾ നൂറുമേനി വിജയം നേടി. 34 കുട്ടികൾ എഴുതിയ പരീക്ഷയിൽ ഉയർന്ന ഗ്രേഡ് ശതമാനം രേഖപ്പെടുത്തി. ആകെ 6 D+ മാത്രമേ ഉണ്ടായിരുന്നുള്ളൂ .

**2.**ഡോക്യുമെന്ററി ഫിലിം നിർമിച്ചു**.**



ലോകപ്രശസ്ത മാന്ത്രികനും സ്കൂളിലെ പൂർവ്വവിദ്യാർഥിയും അഭ്യുദയകാംക്ഷിയുമായ പ്രൊഫ.പി.എം. മിത്രയെ കുറിച്ച് സ്കൂളിലെ ഫിലിം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഡോക്യുമെന്ററി ഫിലിം നിർമ്മിച്ച് പ്രകാശനം ചെയ്തു.വിവിധ സാമൂഹ്യ മാധ്യമങ്ങളിൽ ധാരാളം ആളുകൾ ഫിലിം കാണുകയുണ്ടായി.




3.സംസ്ഥാന എക്സൈസ് ഡിപ്പാർട്ട്മെൻറ് ആഭിമുഖ്യത്തിലുള്ള വിമുക്തി മിഷൻ ഭാഗമായിട്ടുള്ള പ്രോജക്ടിൽ നമ്മുടെ സ്കൂൾ പങ്കെടുത്തു. വിമുക്തി ആപ്പ് സംരംഭത്തിൽ പങ്കുചേർന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സെമിനാർ നടത്തി.




4 .ഇടമറുക് പ്രൈമറി ഹെൽത്ത് സെൻ്ററിൻ്റെ ആഭിമുഖ്യത്തിൽ കിണർ ശുദ്ധീകരിച്ചു.കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നല്കി. ഡോക്ടർ ഗീത ക്ലാസ്സ് എടുത്തു. രണ്ടുപ്രാവശ്യം നമ്മുടെ സ്കൂളിൽ മെഡിക്കൽ ക്യാമ്പ് നടത്തി.

5 .വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭിച്ച 10,000 രൂപ ഉപയോഗിച്ച് നിർമ്മിച്ച ജൈവവൈവിധ്യ പാർക്കിൽ പ്ലാവ് ,മാവ് ,സപ്പോട്ട,എന്നിവ നട്ടുപിടിപ്പിച്ചു.



6 പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതി പ്രകാരം കരനെൽ കൃഷി നടത്തി. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച കൃഷി കാലാവസ്ഥ പ്രതികൂലമായതിനാൽ വിജയകരമാക്കാൻ സാധിച്ചില്ലെങ്കിലും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ സാധിച്ചു.



7 .മേലുകാവ് ഗ്രാമപഞ്ചായത്തിൽ നിന്നും മാലിന്യസംസ്കരണത്തിന് തുമ്പൂർമുഴി മോഡൽ നടപ്പിലാക്കാൻ അനുവദിച്ച ഒന്നരലക്ഷം രൂപ ചെലവാക്കി നമ്മുടെ സ്കൂളിൽ മാലിന്യസംസ്കരണ പ്ലാൻറ് നിർമ്മിച്ചു. തുമ്പൂർമുഴി മോഡൽ രീതിയിലാണ് ഇത് നിർമ്മിച്ചത് .

8 . ഷി ഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മിക്കുവാൻ അനുവദിച്ച 8 ലക്ഷം രൂപ ഉപയോഗിച്ചു കൊണ്ട് നമ്മുടെ സ്കൂളിൽ പെൺകുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ ഉള്ള ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മിക്കും.

9.ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 40 കുട്ടികൾ പങ്കെടുത്ത സ്കൂൾതല ട്രെയിനിങ് രാമപുരം സെൻറ് അഗസ്റ്റിൻ സ്കൂളിൽ നടന്നു. ഈ ട്രെയിനിങ് നേടിയ കുട്ടികൾ നമ്മുടെ സ്കൂളിലെ രക്ഷാകർത്താക്കൾക്കും ഐ ടി അടിസ്ഥാന ട്രെയിനിംഗ് നൽകുകയുണ്ടായി.



10 .വിവിധങ്ങളായ 22 ക്ലബ്ബുകൾ നമ്മുടെ സ്കൂളിൽ മികവാർന്ന രീതിയിൽ പ്രവർത്തിച്ചു വരുന്നു.

11 .പെട്രോളിയം കോർപ്പറേഷൻ PCRA യുടെ നേതൃത്വത്തിൽ നടന്ന ക്വിസ്സ് മത്സരത്തിൽ ടോണി ടോമി, അലൻ പോൾ എന്നിവർ വിജയികളായി.

11 A.എസ് ഇ പി നടത്തിയ ക്വിസ് മത്സരത്തിൽ പങ്കെടുത്ത നമ്മുടെ സ്കൂളിലെ വിദ്യാർഥികളായ നോഹൽ സെബാസ്റ്റ്യൻ, ടോണി ടോമി ടീം ഒന്നാം സ്ഥാനം നേടി.



**11.**സ്കൂൾ തല പ്രവർത്തിപരിചയമേള നടത്തി.മത്സരത്തിൽ വിജയിച്ച കുട്ടികൾക്ക് പരിശീലനം നല്കി.സബ് ജില്ല തലത്തിൽ  നമ്മുടെ കുട്ടികൾ മികവു പുലർത്തി പങ്കെടുത്തു. സബ് ജില്ലാതലത്തിൽ 1 ഒന്നാം സ്ഥാനവും, 1  രണ്ടാം സ്ഥാനവും, 2 മൂന്നാം സ്ഥാനവും ലഭിക്കുകയുണ്ടായി. ജില്ലാതലത്തിൽ A ഗ്രേഡ് നേടി.



12.  വർണാഭമായ രീതിയിൽ ഓണം ആഘോഷം നടത്തി. ഓണാഘോഷത്തോടനുബന്ധിച്ച് കുട്ടികൾ പൂക്കളം തീർക്കുകയും ഓണക്കളികൾ നടത്തുകയും ചെയ്തു.ഇതോടനുബന്ധിച്ച് പായസവും വിതരണം ചെയ്തു .

**13.**ക്രിസ്തുമസ് ആഘോഷം

 കുട്ടികളും  അധ്യാപകരും പിടിഎ യും ചേർന്ന് ക്രിസ്മസ് ആഘോഷിച്ചു .പുൽക്കൂട് നിർമ്മാണം, ക്രിസ്മസ് അലങ്കാരങ്ങൾ, വെള്ള കൊടികൾ ,ക്രിസ്മസ് ഫാദർ എന്നിവ കൂടാതെ അധ്യാപകരും വിദ്യാർത്ഥികളും ചുവപ്പ് നിറത്തിലുള്ള  വസ്ത്രങ്ങളണിഞ്ഞ് കാരൾ ഗാനത്തിന് അകമ്പടിയോടുകൂടി ക്രിസ്മസ് സന്ദേശ റാലി നടത്തി .പി ടി എ യുടെ മേൽനോട്ടത്തിലാണ് ഈ റാലി നടത്തിയത്. ആവേശപൂർവ്വം കുട്ടികൾ പങ്കെടുത്തു.

14.സ്കൂൾ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക



സ്കൂൾ ഭരണഘടന നിർമ്മിച്ചു.

15. ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ബ്ലോക്ക് തല ഉപന്യാസ മത്സരത്തിൽ പങ്കെടുക്കുവാൻ കുട്ടികൾക്ക് സാധിച്ചു.

16. സ്കൂൾ പാർലമെൻറ് ഇലക്ഷൻ വോട്ടിംഗ് മെഷീൻ ഉപയോഗിച്ചു കൊണ്ട് വളരെ മികവാർന്ന രീതിയിൽ നടത്തപ്പെട്ടു .കുട്ടികൾക്ക് ജനാധിപത്യം ,ഇലക്ഷൻ പ്രവർത്തനങ്ങൾ ഇവ നേരിട്ട് മനസ്സിലാക്കുന്നതിനു സാധിക്കുകയും ചെയ്തു.



17. രക്ഷാകർത്താക്കളെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയുണ്ടായി .ഇതിലൂടെ പഠന വസ്തുക്കൾ ,അത്യാവശ്യമായ അറിയിപ്പുകൾ ഇവ നല്കുവാനും സാധിക്കുന്നു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പഠനസാമഗ്രികൾ പങ്കുവെക്കുവാനും  സന്ദേശം നൽകാനും ഇത് പ്രയോജനപ്പെടുത്തി വരുന്നു .

18.വാർഷിക പഠനയാത്ര നടന്നു. വീഗാലാൻഡിലേയ്ക്ക് കുട്ടികളെയുംകൊണ്ട് വിനോ യാത്രയും ,കിറ്റക്സ് വസ്ത്രനിർമാണ ബാഗ് നിർമ്മാണ കേന്ദ്രത്തിലേക്ക് പഠനയാത്രയും നടത്തുകയുണ്ടായി.

19. പ്രളയ കേരളത്തിന് കൈത്താങ്ങുമായി നമ്മുടെ സ്കൂളും .ഇരുമാപ്രമറ്റം എം ഡി സി എം എസ് ഹൈസ്കൂൾ നേതൃത്വത്തിൽ  പ്രളയബാധയെ തുടർന്ന് കേരളത്തിൽ ഇത്തവണയും ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി

നമ്മുടെ സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന നല്കുകയുണ്ടായി.

20 .നമ്മുടെ സ്കൂളിൽ മികവാർന്ന പ്രവർത്തനം കാഴ്ചവെക്കുന്ന വിദ്യാർഥികൾക്ക് ഓരോ ടേമിലും പ്രൊഫിഷ്യൻസി അവാർഡ് നൽകിവരുന്നു.



21.നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സന്ദേശം നൽകുന്ന സംഗീത ആൽബം നിർമ്മിക്കുകയുണ്ടായി. ഈ ഗാനം ഉപയോഗിച്ച വീഡിയോയിലൂടെ നിരവധി ആളുകൾക്ക് ലഹരി വിരുദ്ധ സന്ദേശം നല്കുവാനായി .






22.സ്കൂളിന് സ്വന്തമായി ഫേസ്ബുക്ക് പേജ്.സ്കൂളിലെ പ്രവർത്തനങ്ങൾ പൊതു ജനങ്ങളിലേക്ക് എത്തിക്കുന്നതിന് വേണ്ടി മികവാർന്ന രീതിയിൽ സ്കൂളിലെ പേജ് MDCMS HS Erumapramatton എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു.




**23. സ്കൂൾ പത്രം.**


@70 Jubilee Year

Welcome to the Gate Way of Excellence and Blessings....MDCMS High School, Erumapramattom.

C.S.I East Kerala Diocese

M.D.C.M.S. HIGH SCHOOL, Erumapramattom (Code -310701)

umapramattom, Kottayam- 686652,Phone : 04822-219186,




നാട്ടിലെ വാർത്തകളും സ്കൂൾ പ്രവർത്തനങ്ങളുമായി സ്കൂളിന്റെ സ്വന്തം പത്രമായ "ഒരുമ" സ്കൂൾ പത്രം പ്രസിദ്ധീകരിച്ചു.വാർത്തകളും നാട്ടിലെ പ്രധാന വാർത്തകളും ഉൾപ്പെടുത്തി കഴിഞ്ഞവർഷം പത്രം പുറത്തിറക്കുകയുണ്ടായി.

നാഷണൽ മെരിറ്റ് സ് കം മീൻസ് അവാർഡ് നേടിയ ഹരിണിത എം.





ഇരുമാപ്രമറ്റം: എം.ഡി.സി.എം.എസ് ഹൈസ്കൂൾ, 70-മത് വാർഷികത്തോടനുബന്ധിച്ച് മലയാള മനോരമ നല്ലപാഠം, സയൻസ് ക്ലബ്ബ്, ഇവ സംയുക്തമായി ഒരുക്കിയ ബഹിരാകാശ സെമിനാറും നക്ഷത്ര നിരീക്ഷണവും- "ആകാശ വിരുന്ന് " സ്കൂൾ ഗ്രൗണ്ടിൽ നടന്നു.സി.എം.എസ് സ്കൂൾ

കോർപ്പറേറ്റ് മാനേജർ റവ. ലൗസൺ ജോർജ്ജ് സെമിനാർ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് സുരേഷ് ദാനിയേൽ അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ വർക്കി അലക്സ് പ്രസംഗിച്ചു.നക്ഷത്ര നിരീക്ഷകനും പ്രപഞ്ചശാസ്ത്ര പ്രചാരകനുമായ ശ്രീ.സുനിൽ മാത്യു മണലിൽ സെമിനാർ നയിച്ചു.

## 70-ാം വാർഷിക നിറവിൽ .....

എം.ഡി.സി.എം.എസ് സ്കൂളിന്റെ 70-ാം വാർഷികം ആഘോഷങ്ങൾ ഈസ്റ്റ് കേരള മഹായിടവക ബിഷപ്പ് . റൈറ്റ് .റവ.ഡോ.കെ.ജി.ദാനിയേൽ തിരുമേനി ഉദ്ഘാടനം ചെയ്തു.സി.എം.എസ്.സ്കൂൾ കോർപ്പറേറ്റ് മാനേജർ റവ. ലവ് സൺ പി. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു.

C.S.I East Kerala Diocese

M.D.C.M.S. HIGH SCHOOL Erumapramattom (Code -31070

Konipad P.O Erum

## ഇരുമാപ്രമറ്റം:എം.ഡി.സി.എം എസ് ഹൈസ്കൂൾ സുവർണ്ണ നേട്ടങ്ങളുടെ സപ്തതി നിറവിൽ.



സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് നിർമ്മിച്ച "ഒരുമ" ഡിജിറ്റൽ മാഗസിൻ ,മേലുകാവ് മറ്റം ഹെന്റി ബേക്കർ കോളേജ് പ്രിൻസിപ്പാൾ ഡോ.ഗിരീഷ് കുമാർ ജി.എസ് പ്രകാശനം ചെയ്തു.ഇരാട്ടുപേട്ട ബ്ളോക്ക് പഞ്ചായത്ത് മെമ്പർ മറിയാമ്മ ഫെർണാണ്ടസ് ,മേലുകാവ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നിഷാ ജോസഫ്, മേലുകാവ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് അനുരാഗ് പാണ്ടിക്കാട്ട്, മഹായിടവക രജിസ്ട്രാർ അഡ്വ.മാത്യു ജോസഫ്, റിട്ട. അസി. ട്രാൻസ്പോർട്ട് കമ്മീഷണർ അലക്സ് പോൾ, മേലുകാവ് സിഎംഎസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ അന്നമ്മ ജേക്കബ്, എന്നിവർ പ്രസംഗിച്ചു.

ഹെഡ് മാസ്റ്റർ വർക്കി അലക്സ് , പി ടി എ പ്രസിഡന്റ് സുരേഷ് ദാനിയേൽ, എം പിടിഎ പ്രസിഡന്റ് ബീനാ ബാബു, സ്കൂൾ ചെയർ പേഴ്സൺ, സ്കൂൾ ലീഡർ ജോബിൻ ലൂക്കോസ് , മീനാക്ഷി വി.എം ,സ്റ്റാഫ് സെക്രട്ടറി സൂസൻ വി.ജോർജ്ജ് , അദ്ധ്യാപിക റിബേക്ക എം.ഐ, എലിസബെത്ത്, എന്നിവർ നേതൃത്വം നല്കി. തുടർന്ന് വിവിധ സ്കോളർഷിപ്പ് വിതരണം , കുട്ടികളുടെ വിവിധ കലാപരിപാടികൾ, കരാട്ടെ പ്രദർശനം, എന്നിവയും നടത്തപ്പെട്ടു.

## ഇരുമാപ്രമറ്റം എം.ഡി.സി.എം എസ് ഹൈസ്കൂളിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷം...

## ചരിത്രത്തിലേയ്ക്കൊരുമടക്കയാത്ര-പുരാവസ്തുപ്രദർശനം.

C.S.I East Kerala Diocese

M.D.C.M.S. HIGH SCHOOL, Erumapramattom

Konipad P.O Erumapramattom, Ko



ഇരുമാപ്രമറ്റം: എം.ഡി.സി.എം എസ് ഹൈസ്കൂൾ ,ചരിത്രത്തിന്റെ പാദമുദ്രകൾ തേടി ചരിത്ര പഠനം ലക്ഷ്യമാക്കി നല്ല പാഠം ആഭിമുഖ്യത്തിൽ ചരിത്ര പുരാവസ്തു പ്രദർശനം നടത്തി. കുട്ടികൾ തങ്ങളുടെ വീടുകളിൽ നിന്നും ശേഖരിച്ച പുരാവസ്തുക്കൾക്കൊപ്പം , അദ്ധ്യാപകരും വസ്തുക്കൾ കൊണ്ട് വന്ന് ഇതിൽ സഹകരിച്ചു. പഴയ കാലത്തെ പണിയായുധങ്ങൾ, നാണയങ്ങൾ, കറൻസി, വിളക്കുകൾ, രേഖകൾ, അളവ് തൂക്കങ്ങൾ എന്നിവയുടെ വിപുലശേഖരങ്ങൾ പ്രദർശനത്തിന് മാറ്റ് കൂട്ടി.

## കേരളപ്പിറവി ആഘോഷിച്ചു.






ഇരുമാപ്രമറ്റം: എം.ഡി.സി.എം.എസ് ഹൈസ്കൂൾ വിദ്യാർത്ഥികൾ നവംബർ 1 ന് കേരളപ്പിറവി ആഘോഷിച്ചു. ആഘോഷങ്ങളുടെ ഭാഗമായി കുട്ടികളും അദ്ധ്യാപകരും ചേർന്ന് മേലുമറ്റത്തേയ്ക്ക് വർണ്ണാഭമായ നവ കേരള ഘോഷയാത്ര നടത്തി.മത സൗഹാർദ്ദം , മാനവികതാ, ഐക്യം എന്നിവ വിളിച്ചോതുന്നതായിരുന്നു ദിനാഘോഷം.

മേലുകാവ് മറ്റത്ത് നടന്ന സമ്മേളനം മേലുകാവ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നിഷാ ജോസഫ് ഉദ്ഘാടനം ചെയ്തു. മുൻ പ്രസിസന്റ് ഷീബാ മോൾ ആശംസകൾ അർപ്പിച്ചു. ഹെ ഡ്മാസ്റ്റർ വർക്കി അലക്സ് അദ്ധ്യാപക ദിന സന്ദേശം നല്കി. ദിനാഘോഷത്തിന്റെ ഭാഗമായി കുട്ടികൾ ദേശീയോദ്ഗ്രഥന ഗാനങ്ങൾ ആലപിച്ചു.

അന്തി ചർച്ചയും സംവാദവും

ഇരുമാപ്രമറ്റം എം.ഡി.സി.എം.എസ്.ഹൈസ്കൂൾ മൈതാനത്ത്... നമ്മുടെ ചിഹ്നം മാതൃഭൂമി ചാനൽ ഷൂട്ടിംഗ്..

## സർഗ്ഗോത്സവം



ഇരുമാപ്രമറ്റം :എം.ഡി.സി.എം.എസ് ഹൈസ്ക്കൂളിൽ , കുട്ടികളിൽ കലാപരമായ കഴിവുകൾ വളർത്തുവാൻ വേണ്ടി എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് കുട്ടികൾ ചേർന്ന് അവർക്ക് അറിയാവുന്ന കഥകൾ, പാട്ടുകൾ, പ്രസംഗങ്ങൾ എന്നിവ തയാറാക്കി അവതരിപ്പിക്കപ്പെട്ടു.മികച്ച പ്രകടനം കാഴ്ചവച്ചവർക്ക് സമ്മാനം നൽകുകയും ചെയ്തു.

## ചരിത്ര ക്വിസ് നടത്തി.



ഇരുമാപ്രമറ്റം: :എം.ഡി.സി.എം.എസ് ഹൈസ്ക്കൂൾ ചരിത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചരിത്രത്തെക്കുറിച്ചു പഠിക്കുവാനും അതിന്റെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമാക്കുന്നതിനും വേണ്ടി ജൂലൈ 27ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് ചരിത്ര അധ്യാപിക ലിന്റ ദാനിയേലിന്റെ നേതൃത്വത്തിൽ ചരിത്ര ക്വിസ് നടത്തി. വിജയികൾ ആയ ടോണി ടി. കെ യും ബിൻസി ബാബുവിനെയും സബ്ജില്ലാ തല മത്സരത്തിലേയ്ക്ക് തിരഞ്ഞെടുത്തു.

## ലഹരി വിരുദ്ധ റാലി നടത്തി.



ഇരുമാപ്രമറ്റം: എം.ഡി.സി.എം.എസ് ഹൈസ്കൂളിൽ മനോരമ നല്ല പാഠത്തിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ ദിന റാലി നടത്തി.

ലഹരിവിരുദ്ധ പോസ്റ്ററുകളും കൈകളിലേന്തി കുട്ടികൾ ലഹരി വിരുദ്ധ റാലി നടത്തി.നല്ലപാഠം കോ-ഓർഡിനേറ്റർ സൂസൻ വി.ജോർജ്ജ്, അദ്ധ്യാപകരായ ലീലാമ്മ കെ.വി, മറിയാമ്മ തോമസ് എന്നിവർ നേതൃത്വം നല്കി.

## ചിത്രരചന ക്യാമ്പ് ന



ഇരുമാപ്രമറ്റം :എം.ഡി.സി.എം.എസ് ഹൈ
ജൂലൈ 26 വ്യാഴാഴ്ച ഉച്ചതിരിഞ്ഞു മൂന്ന്
കുട്ടികളുടെ കലാപരമായ കഴിവുകൾ തി
വേ 1 സ്കൂൾ ഓഡിറ്റോറിയത്തിൽ വെ
ഡ്രോയിങ്, വാട്ടർ കളറിംഗ് മത്സരങ്ങൾ
പെൻസിൽ ഡ്രോയിംഗിന്റെ വിഷയം പെ
വാട്ടർ കളറിംഗ് ന്റെ വിഷയം സായാഹ്ന സന്ധ്യയിലെ സൂര്യനും ആയിരുന്നു. പെൻസിൽ ഡ്രോയിംഗിന് ജെസ്ന ജോയ്ക്കു ഒന്നാം സ്ഥാനവും അഥീന സി. ബാബുവിന് ര ാം സ്ഥാനവും ആൻ മരിയ ജെയിംസിന് മൂന്നാം സ്ഥാനവും ലഭിച്ചു. വാട്ടർ കളറിംഗ് മത്സരത്തിൽ ഭുവനേശ്വരനെയും മീനാക്ഷിയെയും തിരഞ്ഞെടുത്തു.

## ശാസ്ത്ര അഭിരുചി വളർത്തുന്ന പ്രദർശനം നടത്തി.





നല്ല പാഠം ആഭിമുഖ്യത്തിൽ തത്സമയം 2 മണിക്കൂർ സമയത്തിനുള്ളിൽ തീർക്കാവുന്ന ഉല്പന്നങ്ങൾ വിദ്യാർത്ഥികൾ നിർമ്മിച്ചു പ്രദർശനം സംഘടിപ്പിച്ചു. പാഴ് വസ്തുക്കൾ ഉപയോഗിച്ച് വിവിധ കരകൗശല വസ്തുക്കൾ, കയർ മാറ്റുകൾ, കൊട്ടകൾ, ഫയലുകൾ,കളിമൺ രൂപങ്ങൾ എന്നിവ തീർത്തു.

## ലഹരി വിരുദ്ധ റാലി നടത്തി.

എരുമാപ്രമറ്റം: എം.ഡി.സി.എം.എസ് ഹൈസ്കൂളിൽ മനോരമ നല്ല പാഠത്തിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ ദിന റാലി നടത്തി.




ലഹരിവിരുദ്ധ പോസ്റ്ററുകളും കൈകളിലേന്തി കുട്ടികൾ എരുമാപ്ര മറ്റത്തു നിന്നും മേലുകാവ് മറ്റത്തേയ്ക്ക് ലഹരി വിരുദ്ധ റാലി നടത്തി.നല്ലപാഠം കോ-ഓർഡിനേറ്റർ സൂസൻ വി.ജോർജ്ജ്, നേതൃത്വം നല്കി.

ദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ മേലുകാവ് മറ്റത്തുള്ള വൃദ്ധമന്ദിരം സന്ദർശിച്ചു. നല്ലപാഠം വോളണ്ടിയർമാർ എളിയ സാമ്പത്തിക സഹായവും ഒരു ദിവസത്തെ ഭക്ഷണവും നല്കി. അന്തേവാസികൾക്കായി കുട്ടികൾ കലാവിരുന്നുകൾ അവതരിപ്പിച്ചു. അനുഭവങ്ങൾ പങ്കിട്ടു.അന്തേവാസികൾ അനുഭവങ്ങൾ പങ്കിട്ടു.

## ശാസ്ത്ര അഭിരുചി വളർത്തുന്ന പ്രദർശനം നടത്തി.

നല്ല പാഠം ആഭിമുഖ്യത്തിൽ തത്സമയം 2 മണിക്കൂർ സമയത്തിനുള്ളിൽ തീർക്കാവുന്ന ഉല്പന്നങ്ങൾ വിദ്യാർത്ഥികൾ നിർമ്മിച്ചു പ്രദർശനം സംഘടിപ്പിച്ചു. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ,പ്രവർത്തിക്കുന്ന മോഡലുകൾ, പാഴ് വസ്തുക്കൾ ഉപയോഗിച്ച് വിവിധ കരകൗശല വസ്തുക്കൾ, കയർ മാറ്റുകൾ, കൊട്ടകൾ, ഫയലുകൾ,കളിമൺ രൂപങ്ങൾ എന്നിവ തീർത്തു.



## പൊതു വിദ്യാലയം

## പ്രതിഭകൾക്കൊപ്പം.....



## പൊതു വിദ്യാലയം പ്രതിഭകൾക്കൊപ്പം.....

സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന " കലാലയം പ്രതിഭകൾക്കൊപ്പം " എന്ന ദൗത്യത്തിന്റെ ഭാഗമായി, ഇരുമാപ്രമറ്റം എംഡി സി എം എസ് ഹൈസ്കൂൾ മേലുകാവിന്റെ പേര് ലോകപ്രശസ്തമാക്കിയ പ്രശസ്ത മാന്ത്രികൻ പ്രൊഫ.പി.എം. മിത്ര സാറിനെ ആദരിച്ചു.

അരനൂറ്റാണ്ടുകാലത്തോളം മാജിക് കലാരംഗത്ത് നല്കിയ മികവിന്റെ ഭാഗമായിട്ടായിരുന്നു, പൂർവ്വ വിദ്യാർത്ഥികൂടിയായ അദ്ദേഹത്തെ ആദരിച്ചത്.

മാജിക് എന്ന കലയിലെ മികവ് തിരിച്ചറിഞ്ഞ അദ്ദേഹത്തെ മാതാപിതാക്കൾ പ്രോത്സാഹിപ്പിച്ചു എന്ന് അനുസ്മരിച്ചു.

9 ൽ പരം ദേശീയവും രാജ്യാന്തരവുമായ അംഗീകാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി.

കുട്ടികൾക്ക് വിസ്മയ ചെപ്പു തുറന്ന് മാന്ത്രിക പ്രകടനവും അദ്ദേഹം കാഴ്ചവച്ചു.

## കലാലയം പ്രതിഭകൾക്കൊപ്പം.....



സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന " കലാലയം പ്രതിഭകൾക്കൊപ്പം " എന്ന ദൗത്യത്തിന്റെ ഭാഗമായി, ഇരുമാപ്രമറ്റം എംഡി സി എം എസ് ഹൈസ്കൂൾ പൂർവ്വ വിദ്യാർത്ഥികൂടിയായ, ചാത്തമറ്റം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകനും ,മാധ്യമ പ്രവർത്തകനും കവിയും ആയ മനോജ് റ്റി.ബെഞ്ചമിനെ ആദരിച്ചു. മേലുകാവിന്റെ കലാ സാഹിത്യ രംഗത്ത് നല്കിയ സംഭാവന പരിഗണിച്ചാണ് ആദരിച്ചത്.

സമൂഹത്തിന്റെ വിവിധ മേഖലകളിലും, ആദ്ധ്യാത്മിക രംഗത്തും, ടെലിവിഷൻ മാധ്യമരംഗത്തും, ഗാനരചന, കവി, മിമിക്രി, അഭിനേതാവ്, പ്രഭാഷണം, അവതാരകൻ എന്നീ മേഖലകളിലും ബഹുമുഖ പ്രതിഭയായ അദ്ദേഹം സംഭാവനകൾ നല്കിയിട്ടുണ്ട്.

## കലാലയം പ്രതിഭകൾക്കൊപ്പം.....



സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന " കലാലയം പ്രതിഭകൾക്കൊപ്പം " എന്ന ദൗത്യത്തിന്റെ ഭാഗമായി, ഇരുമാപ്രമറ്റം എംഡി സി എം എസ് ഹൈസ്കൂൾ മേലുകാവിന്റെ കായിക രംഗത്ത് സംഭാവന നല്കിയ ജനപ്രതിനിധി കൂടിയായ ജെറ്റോ ജോസിനെ ആദരിച്ചു.

മേലുകാവ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റാണ്.

കായിക രംഗത്ത് വോളിബോൾ രംഗത്ത്, യൂണിവേഴ്സിറ്റി ടീം അംഗം, കോച്ച് എന്നിങ്ങനെ അദ്ദേഹം നല്കിയ മികവിന്റെ ഭാഗമായിട്ടായിരുന്നു, പൂർവ്വ വിദ്യാർത്ഥികൂടിയായ അദ്ദേഹത്തെ ആദരിച്ചത്.

കലാലയം പ്രതിഭകൾക്കൊപ്പം.....



സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന " കലാലയം പ്രതിഭകൾക്കൊപ്പം " എന്ന ദൗത്യത്തിന്റെ ഭാഗമായി, ഇരുമാപ്രമറ്റം എംഡി സി എം എസ് ഹൈസ്കൂൾ, ശാസ്ത്ര രംഗത്ത് സംഭാവന നല്കിയ ഇടുക്കി മെഡിക്കൽ കോളേജ് ലക്സറർ കൂടിയായ പ്രൊഫ.ഡോ.ജോസ് മോൻ സാറിനെ ആദരിച്ചു.

സാമൂഹ്യ സേവന രംഗത്തും, ആദ്ധ്യാത്മിക രംഗത്തും എഴുത്തുകാരനായും, മികച്ച പ്രഭാഷകനായും അദ്ദേഹം ശോഭിക്കുന്നു.

വികസനം എത്താത്ത ഉൾഗ്രാമങ്ങളിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിരവധി മെഡിക്കൽ ക്യാമ്പുകൾ അദ്ദേഹം സംഘടിപ്പിക്കപ്പെട്ടു.

സി എസ് ഐ സിനസ് അംഗം,ഈസ്റ്റ് കേരള മഹായിടവകയുടെ രജിസ്ട്രാർ, അത്മായ സെക്രട്ടറി, യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ്, എന്നീ പദവികൾ അലങ്കരിച്ചിട്ടുണ്ട്.

ആരോഗ്യ രംഗത്ത് ന്യൂറോളജി വിഭാഗത്തിന് നല്കിയ സംഭാവനകളുടെ ഭാഗമായിട്ടായിരുന്നു, പൂർവ്വ വിദ്യാർത്ഥികൂടിയായ ,മെഡിക്കൽ കോളേജ് പ്രൊഫസർ കൂടിയായ അദ്ദേഹത്തെ ആദരിച്ചത്. സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന " പൊതു വിദ്യാലയം പ്രതിഭകൾക്കൊപ്പം " എന്ന ദൗത്യത്തിന്റെ ഭാഗമായി, ഇരുമാപ്രമറ്റം എം ഡി സി എം എസ് ഹൈസ്കൂൾ ശാസ്ത്ര രംഗത്ത് സംഭാവന നല്കിയ ഇടുക്കി മെഡിക്കൽ കോളേജ് ലക്ചറർ കൂടിയായ പ്രൊഫ.ഡോ.ജോസ് മോൻ സാറിനെ ആദരിച്ചു.

സാമൂഹ്യ സേവന രംഗത്തും, ആദ്ധ്യാത്മിക രംഗത്തും എഴുത്തുകാരനായും, മികച്ച പ്രഭാഷകനായും അദ്ദേഹം ശോഭിക്കുന്നു.

വികസനം എത്താത്ത ഉൾഗ്രാമങ്ങളിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിരവധി മെഡിക്കൽ

ക്യാമ്പുകൾ അദ്ദേഹം സംഘടിപ്പിച്ചു.
സി എസ് ഐ സിനഡ് അംഗം,ഈസ്റ്റ് കേരള മഹായിടവകയുടെ രജിസ്ട്രാർ, അത്മായ സെക്രട്ടറി, യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ്, എന്നീ പദവികൾ അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്.

ആരോഗ്യ രംഗത്ത് ,ന്യൂറോളജി വിഭാഗത്തിന് നല്കിയ സംഭാവനകളുടെ ഭാഗമായിട്ടായിരുന്നു, പൂർവ്വ വിദ്യാർത്ഥിയും ,മെഡിക്കൽ കോളേജ് പ്രൊഫസറുമായ അദ്ദേഹത്തെ ആദരിച്ചത്.

ആദരിക്കൽ ചടങ്ങിന്റെ ഭാഗമായി, ഹെഡ്മാസ്റ്റർ, ഡോക്ടർക്ക് വിദ്യാഭ്യാസ മന്ത്രിയുടെ പ്രത്യേക ക്ഷണക്കത്ത് നല്കി. അദ്ദേഹം പറഞ്ഞതനുസരിച്ച് സൗകര്യപ്രദമായ ദിവസമായ നവംബർ 18 ന് ഉച്ചയ്ക്ക് 2 മണിക്ക് 16 കുട്ടികളും 3 അദ്ധ്യാപകരും അടങ്ങുന്ന സംഘം ഡോക്ടറുടെ ഭവനം സന്ദർശിച്ചു.ടീം ലീഡർ സ്നേഹ എസ്, ഡോ.ജോസ് മോൻ ജോർജ്ജിനെ പൊന്നാട അണിയിച്ച് ആദരിച്ചു.

കുട്ടികൾ തയ്യാറാക്കിയ ചോദ്യാവലികൾ ഉപയോഗിച്ച് ,അവർ തന്നേ, ഡോക്ടറുമായി അഭിമുഖം നടത്തി.


## അഭിമുഖം



ഒരു തൊഴിലും മറ്റൊരു കൂടിയതോ കുറഞ്ഞതോ അല്ല. എല്ലാ മേഖലകൾക്കും അതിന്റേതായ താല്പര്യവും ,.പ്രവീണ്യവും അതിനനുസരിച്ച് വേണം ഓരോരുത്തരും കണ്ടെത്തുവാൻ.കൃഷി മേഖലയിൽ ഗണിത, കമ്പ്യൂട്ടർ, സാമ്പത്തിക, ,സാമൂഹ്യ രംഗങ്ങളിൽ ഒക്കെയും ഇത് വേണ്ടതാണ്.

തൊഴിലിനേക്കാളും തൊഴിൽ അദ്ധ്വാനവും, ആവശ്യമാണ്. തൊഴിൽ മേഖല കൂടാതെ, ശാസ്ത്ര, സാഹിത്യ

എല്ലാ കുട്ടികളെയും ഡോക്ടർമാരോ എഞ്ചിനിയർമാരോ ആക്കുകയല്ല വേണ്ടത്. ഏതു മേഖലയിലായാലും നല്ല മനുഷ്യരാക്കുക, നൻമയുള്ളവരാക്കുക ഇവയാവണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.
സമ്പന്ന കുടുംബങ്ങളേക്കാൾ, വൃദ്ധരായവർക്ക് കൂടുതൽ ശ്രദ്ധയും പരിചരണവും, ആതുര കാര്യങ്ങളിൽ പെട്ടെന്നള്ള തീരുമാനങ്ങളും എടുക്കുന്നത് സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരാണ്.



വലിയ സാമ്പത്തികമുള്ള ഒരു വൃദ്ധൻ ഡയാലിസാസ് ചെയ്യുന്നത് സാമ്പത്തിക നഷ്ടമാകും എന്ന് കരുതി അത് ചെയ്യാതിരുന്നിട്ട് അദ്ദേഹം മരിച്ചു കഴിഞ്ഞപ്പോൾ മക്കളും മരുമക്കളും വലിയ സങ്കടം അഭിനയിക്കുന്നത് കണ്ടത് ഡോക്ടർ എന്ന നിലയിൽ അദ്ദേഹത്തെ ഏറെ വേദനിപ്പിച്ച ഒരു സംഭവമായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു.

തന്റെ അടുക്കൽ വരുന്ന രോഗികളിൽ പ്രായമായ ചിലർക്ക് മരുന്ന് നല്കുന്നതോടൊപ്പം അദ്ദേഹം നല്കുന്ന സ്നേഹവും സാന്ത്വന വാക്കുകളും കൂടുതൽ ഫലം ചെയ്യുന്നതായി അദ്ദേഹം ഓർത്തു.
എന്നാൽ ഇന്നുള്ള യുവ ഡോക്ടർമാരിൽ പലർക്കും ഇങ്ങനെയുള്ള ധാർമ്മികത നഷ്ടമാകുന്നതിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. വളരെ ചുരുങ്ങിയ കാലം കൊണ്ട് പെട്ടെന്ന് ഉണ്ടായ സാമൂഹ്യ മാറ്റങ്ങൾ ഡോക്ടർ എന്ന പ്രൊഫഷനേപ്പോലും ബാധിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.കൂടാതെ അടിസ്ഥാന യോഗ്യതകൾ ഉള്ള ധാരാളം എം ബി ബി എസ് ഡോക്ടർമാർ തൊഴിൽ ക്ഷാമം നേരിടുന്ന

ആശങ്ക അദ്ദേഹം പങ്കുവച്ചത് കുട്ടികൾക്ക് അത്ഭുതമായി.

## ദുഃഖിപ്പിച്ച ഒരു സംഭവം

ഒരിക്കൽ വളരെ ചെറിയ ഒരു കുട്ടിയുടെ മരണത്തിനിടയാക്കിയ ഒരു സംഭവം ഉണ്ടായി. പേപ്പട്ടി കടിച്ച് ആദ്യത്തെ 4 മണിക്കൂറിനുള്ളിൽ പ്രതിരോധ കുത്തിവയ്പ് എടുക്കാത്തതിനാലായിരുന്നു ആ ദാരുണ മരണം. ജന്തുക്കളാൽ മുറിവേറ്റാൽ ആദ്യത്തെ 4 മണിക്കൂറിനകം കുത്തിവയ്പ് എടുത്തിട്ടില്ല എങ്കിൽ പിന്നീട് നൂറ് ശതമാനം മരണം സംഭവിക്കും എന്ന് അദ്ദേഹം പറഞ്ഞത് കുട്ടികൾ ഭയത്തോടെ തിരിച്ചറിഞ്ഞു.




ശാസ്ത്രവും വിശ്വാസവും മനുഷ്യജീവിതം എന്ന നാണയത്തിന്റെ രണ്ട് വശങ്ങളാണ് എന്നും മരുന്നിനൊപ്പം വിശ്വാസത്തോടെയുള്ള പ്രാർത്ഥന കൂടുതൽ വേഗത്തിൽ ഫലിക്കുന്നതായും അദ്ദേഹം പറഞ്ഞു.

## നേട്ടം

സ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്താൻ , അദ്ദേഹം സന്നദ്ധത അറിയിച്ചു.പുതിയ അറിവുകളും ദർശനങ്ങളും കാഴ്ചപ്പാടുകളും വിദ്യാർത്ഥികൾക്ക് ലഭിച്ചു.

## കൃതജ്ഞത

" പൊതുവിദ്യാലയം പ്രതിഭകൾക്കൊപ്പം " എന്ന പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിനും മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് സാറിന് നന്ദി അർപ്പിക്കുന്നു. വിലയേറിയ സമയം തന്ന സോ.ജോസ് മോൻ ജോർജ്ജിനും , പ്രോഗ്രാമിന് നേതൃത്വം നല്കിയ ഹെഡ്മാസ്റ്റർ ശ്രീ. വർക്കി അലക്സ് സാറിനും, നന്ദി പറയുന്നു.

### പങ്കെടുത്ത ടീം അംഗങ്ങൾ...

ടീം ലീഡർ- സ്നേഹ എസ്

സുജിമോൾ സുഭാഷ്, ഹരിണിത എം., എമിൽ മരിയ സാം ,സാനിയ സൈമൺ, അലൻ സാം, അഖിൽ കെ.രാജൻ, ജോയൽ ജോസ്, ജിസ്റ്റോ ജോസഫ്, സിജോ തോമസ് ,വർഗ്ഗീസ് ജോർജ്ജ്, ടോണി ടി.കെ, എഡ്‌വിൻ സിജോ ,അതുല്യ ഷോജി, അതുല്യ പി.അജിത്ത്, അൻസാൽന.

Staff : SUSAN V GEORGE,HSA, REBECCA M.I, HSA, ANIL P.S,H S.Staff

## കൃതജ്ഞത

**കഴിഞ്ഞ ഒരു വർഷക്കാലം ഞങ്ങൾക്ക് തന്ന എല്ലാ കൈത്താങ്ങലുകൾക്കും നന്ദി. ,മാർഗനിർദേശം തന്ന് ഞങ്ങളെ സഹായിച്ച ഹെഡ്മാസ്റ്റർ ശ്രീ.വർക്കി അലക്സ്,കൈറ്റ് മാസ്റ്റർമാരായ,സൂസൻ വി. ജോർജ്ജ്, റിബേക്ക എൻ .ഐ എന്നിവർക്കും, മറ്റ് എല്ലാ അധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി**

അറിച്ചുകൊള്ളുന്നു.
കൈറ്റ് കുട്ടികൾ സന്തോഷത്തോടെ നല്കിയ ഒരോ പ്രവർത്തനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

വിശ്വസ്തതയോടെ, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ .